പ്രഥമാദ്ധ്യാപകരെ ,

Hi-School പദ്ധതിയുടെ ഭാഗമായി നമ്മുടെ ക്ലാസ്സ്മുറികൾ ഹൈ ടെക്ക് ആക്കുന്നതിന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. നിങ്ങളുടെ സ്കൂളുകളിൽ ഐടിസ്കൂൾ പുറപ്പെടുവിച്ചിട്ടുള്ള ഹൈ ടെക്ക് ക്ലാസ്സ് മുറികളുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരണമായി തയ്യാറായിക്കഴിഞ്ഞതും തയ്യാറായിക്കൊണ്ടിരിക്കുന്നതുമായ മുറികളുടെ വിവരങ്ങൾ ജൂൺ 22 ന് മുൻപ് ddeernakulam.in എന്ന സൈറ്റിൽ നല്കിയിട്ടുള്ള ലിങ്കിൽ ക്ലിക്ക് ചെയ്ത് ചേർക്കുവാൻ താല്പര്യപ്പെടുന്നു.
ഇനിയും പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുള്ളവർ എത്രയും വേഗം ആയത് പൂർത്തീകരിച്ച് വിവരങ്ങൾ ഐ ടി സ്കൂൾ ജില്ലാപ്രോജക്ടിൽ അറിയിക്കണം.

Office Phone : 0484 2334950

**8.1.2 (ഐ.സി.ടി. അധിഷ്ഠിത) ക്ലാസ്സ് മുറി**

സ്കൂളിലെ എല്ലാ ക്ലാസ്സ്മുറികളും ഐ.സി.ടി. അധിഷ്ഠിത പഠനത്തിന് ഉപയോഗിക്കത്തക്കവിധം സജ്ജീകരിക്കണം. അടച്ചുറപ്പുള്ള മുറി വൃത്തിയുള്ളതും ടൈൽസുകൾ പതിച്ചതും ആയിരിക്കണം എന്ന ധാരണയിൽ ഒരു ക്ലാസ്സിൽ സജ്ജീകരിക്കേണ്ടുന്ന മിനിമം സൗകര്യങ്ങൾ ചുവടെ കൊടുക്കുന്നു.

- ടൈൽ പാകിയ തറ, ഫാൻ സൗകര്യം, മേൽക്കൂര ഓടുപാകിയതാണെങ്കിൽ സുരക്ഷിതമായ സീലിങ്, പെയിന്റ് ചെയ്ത് വൃത്തിയാക്കിയ ചുമരുകൾ
- ക്ലാസ്മുറിയുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി, ഐ.സി.ടി. ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഷെൽഫ്, ലോക്കർ സംവിധാനങ്ങൾ
- ഓരോ ക്ലാസ്മുറിയിലും ഉപകരണങ്ങൾ പ്രവർത്തിക്കാനാവശ്യമായ വിധത്തിൽ സുരക്ഷിതത്വം ഉറപ്പുവരുത്തിയ വൈദ്യുതീകരണം

ഇവ പൊതു പശ്ചാത്തലമൊരുക്കലിന്റെ ഭാഗമായി സ്കൂളുകൾ തന്നെ ചെയ്യേണ്ടതാണ്. ഇതിനായി സ്കൂൾ പി.ടി.എ/എസ്.എം.സി, മാനേജ്മെന്റ് പൂർവ വിദ്യാർഥി സമൂഹം, സ്കൂളിനോട് താത്പര്യമുള്ള സ്ഥാപനങ്ങൾ, വ്യക്തികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായം പ്രയോജനപ്പെടുത്താവുന്നതാണ്.